"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ - വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 'പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ' പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**G.O.(Rt)No.6/2020/LSGD തീയതി,തിരുവനന്തപുരം, 01/01/2020**

---

പരാമർശം:- 1 വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.09.2019-ലെ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ ചേർന്ന യോഗത്തിലെ 4.40-ാം നമ്പർ തീരുമാനം

## ഉത്തരവ്

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 138-ഓളം കോളനികളിലെ പാർശ്വവൽക്കരിക്കപ്പെട്ടതും സാമ്പത്തിക ശേഷി കുറഞ്ഞതുമായ കുടുംബങ്ങളിലെ കുട്ടികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ +1, +2 പഠിച്ചു കൊണ്ടിരിക്കുന്ന എസ്.സി. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠന മേശയും കസേരയും നൽകുന്ന പദ്ധതി നടപ്പിലാക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിക്കുന്നു എന്നും മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത ടി പദ്ധതിയ്ക്ക് പ്രത്യേക അനുമതി നൽകണമെന്നും വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) കത്ത് മുഖേന ആവശ്യപ്പെടുകയുണ്ടായി. ഈ വിഷയം 06.12.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി യോഗം പരിഗണിക്കുകയും ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന ലിസ്റ്റ് പ്രകാരം നടപ്പാക്കണമെന്ന നിർദ്ദേശത്തോടെ പദ്ധതിയ്ക്ക് അനുമതി നല്കാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് നടപ്പ് വർഷം ആവിഷ്കരിച്ച, +1, +2 പഠിച്ചു കൊണ്ടിരിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠന മേശയും കസേരയും വാങ്ങി നൽകുന്ന പദ്ധതിയ്ക്ക്, ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന ലിസ്റ്റ് പ്രകാരം നടപ്പാക്കണമെന്ന നിർദ്ദേശത്തോടെ, അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEKALA T.P.

UNDER SECRETARY

പകർപ്പ്: പ്രസിഡണ്ട്/സെക്രട്ടറി, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്,തൃശ്ശൂർ

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ്&ന്യൂ മീഡിയ, ഐ&പിആർഡി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.[illegible] 14:02:37 IST
Reason: Approved

സെക്ഷൻ ഓഫീസർ